നിറുത്തലാക്കിയില്ല. തൃശ്ശൂർ-തൃത്താല, ഗുരുവായൂർ-പള്ളിപ്പുറം, പാലക്കാട്-പള്ളിപ്പുറം എന്നീ സർവ്വീസുകളും (ദേശസാൽകൃതമല്ലാത്ത റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന കിലോമീറ്ററിന് മൂന്നു രൂപയിൽ താഴെ മാത്രം വരുമാനം ഉണ്ടായിരുന്ന മൂന്നു സർവ്വീസുകളും) ആണ് താൽക്കാലികമായി നിറുത്തലാക്കിയത്. നിറുത്തലാക്കിയതായി പറയുന്ന എറണാകുളം-കുങ്കിടി, ചാലിശ്ശേരി-പാലക്കാട്, തൃത്താല-പാലക്കാട് എന്നീ സർവ്വീസുകളും നിറുത്തലാക്കിയിട്ടില്ല. വാഹനങ്ങളുടെ ദൗർലഭ്യംമൂലം ചിലപ്പോൾ ഈ സർവ്വീസുകളും എല്ലാ ദിവസവും ഓടിക്കാൻ കഴിയാതെ വന്നിട്ടുണ്ടാകാം. ചാലിശ്ശേരി-പാലക്കാട്, തൃത്താല-പാലക്കാട് എന്നീ സർവ്വീസുകളും മുടക്കം കൂടാതെ ഓടിക്കുന്നതിന് നടപടി എടുക്കാം. ഗുരുവായൂർ-തിരുവേഗപ്പുറം, കുങ്കിടി-തൃശ്ശൂർ എന്നീ സർവ്വീസുകളും ബസ്സുകളുടെ ദൗർലഭ്യംമൂലം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അത് വളരെ വേഗം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറോട് യാതൊരു അവഗണനയും കാണിച്ചിട്ടില്ല എന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുന്നു.

(9) ഹോട്ടലുകളിലെ കാബറേ

ശ്രീമതി പി. ദേവൂട്ടി: സർ, തിരുവനന്തപുരത്തും അതുപോലെതന്നെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പട്ടണപ്രദേശങ്ങളിലും ഉള്ള ഹോട്ടലുകളിൽ കാബറേനൃത്തം ഇന്ന് നിത്യസംഭവമായിത്തീർന്നിരിക്കുകയാണ്. തിരുവനന്തപുരത്തുള്ള ഒരു പ്രമുഖ ഹോട്ടലിൽ കാബറേനൃത്തം നടത്തുന്നതിന്റെ ഫലമായി, അതിന്റെ താളമേളങ്ങളുടെ ശബ്ദത്താൽ പരിസരപ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വീട്ടിലിരുന്ന് പഠിക്കാൻ കഴിയുന്നില്ലെന്നും സൈരജീവിതം നഷ്ടപ്പെടുന്നുവെന്നും പത്രവാർത്ത വന്നതാണ്. പല പ്രമുഖ വനിതകളും ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നമ്മുടെ സർക്കാരും പോലീസ് ഡിപ്പാർട്ടുമെന്റും ഇതിന് മൗനാനുവാദം നൽകുകയാണ്. കാബറേനൃത്തം നമ്മുടെ സംസ്ഥാനത്തിന്റെ സംസ്കാരത്തിന് യോജിച്ചതല്ല. ഇന്ന് തിരുവനന്തപുരത്തുള്ള കലാ-സാംസ്കാരിക സംഘടനകളും കോളേജ് വിദ്യാർത്ഥികളും സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. സാംസ്കാരിക കേരളത്തിന് ലജ്ജിക്കേണ്ടി വന്നിരിക്കുകയാണ്. കുടുംബജീവിതം പോലും തകർക്കുന്ന ഈ സംസ്കാരം, തെറ്റായ ഈ സംസ്കാരം നമ്മുടെ നാട്ടിൽനിന്നും എടുത്തുമാറ്റേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുടുംബത്തിന്റെ സൈരജീവിതം നഷ്ടപ്പെടുന്നത് നമുക്ക് സഹിക്കാനാകാത്തതാണ്; കൂടുതൽ വേദനാകരമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശന നടപടികളും സ്വീകരിക്കണം. കാബറേനൃത്തം നടത്തുന്ന വലിയ ഹോട്ടലുടമകളേയും അതുകണ്ട് ആസ്വദിക്കുന്ന പ്രമുഖരേയും ഓർത്ത് സാംസ്കാരിക കേരളം തലകുനിക്കുകയാണ്. അതുകൊണ്ട് ഇതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, ഈ പ്രശ്നം ഇതിനുമുൻപ് ഈ സഭയിൽ ഉന്നയിക്കപ്പെടുകയും അതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ഞാൻ പറയുകയുമുണ്ടായി. അതുകൊണ്ട് അത് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ഇവിടെ കാബറെ നടത്തുന്നത് ഗവൺമെന്റ് തടയുകയും അതിനെതിരെ ചിലർ കോടതിയിൽ പോകുകയും ഉണ്ടായി. കോടതി ഉത്തരവിന്റെ പ്രസക്ത ഭാഗം ഞാൻ വായിക്കാം.

"We may make it clear that the performence of cabaret dance devoid of nudity and obscenity just according to the standards indicated in the

LIBRARY ARCHIVES Kerala Legislative Assembly

preceding paragraph is permissible and is not in any way liable to be banned for prosecution.'" ഇങ്ങനെയാണെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പോലീസ് ഉദ്യോഗസ്ഥൻമാർ പലവട്ടം റെയ്ഡ് നടത്തുകയും കേസ് എടുക്കുകയും ചെയ്യുന്നുണ്ട്. ആ നടപടികളും തുടരുന്നതാണ്. കാബറെ നടത്താതിരിക്കുന്നതിന് ഗവൺമെൻറിന് നിയമപരമായി ചെയ്യാൻ കഴിയുന്ന നടപടികളും സ്വീകരിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രിമാർതന്നെ ഇത്തരം സ്ഥലങ്ങളിലുള്ള സന്ദർശനം നിറുത്തണം. അതു തീരുമാനിക്കണം.

ശ്രീ. വയലാർ രവി : ഒരു മന്ത്രിയും സന്ദർശിച്ചിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെവച്ച് ഏതെങ്കിലും മന്ത്രിമാരെ കണ്ടിട്ടുണ്ടെങ്കിൽ അവരുടെ പേരു പറഞ്ഞുതന്നാൽ തീർച്ചയായും നടപടി എടുക്കാം.

ശ്രീ. ഇ. കെ. നായനാർ : തീരുമാനമെടുക്കുമെങ്കിൽ തീർച്ചയായും ഞാൻ പറയാം.

(10) ഏലം ബോർഡ്

ശ്രീ. കെ. കെ. തോമസ് : സർ, ഏലം എന്ന നാണ്യവിളയുടെ ഉന്നതിക്കുവേണ്ടി ദീർഘനാളുകളായി പ്രവർത്തിച്ചുവരുന്ന ഏലം ബോർഡ് പുതുതായി രൂപീകരിക്കുവാൻ പോകുന്ന സ്പൈസസ് ബോർഡിൽ ലയിപ്പിക്കാൻ കേന്ദ്ര വാണിജ്യവകുപ്പ് ശ്രമിച്ചുവരുന്നതായി അറിയുവാൻ കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയിൽ ഗണ്യമായ ഒരു സ്ഥാനം ഏലത്തിനുണ്ട്. തെന്നിന്ത്യയിലെ മൂന്നു സംസ്ഥാനങ്ങളിലായി രണ്ടേകാൽ ലക്ഷം ഏക്കർ സ്ഥലത്ത് ഏലം കൃഷിചെയ്തുവരുന്നു. അതിൽ കേരളത്തിലെ ഒന്നര ലക്ഷത്തോളം ഏക്കർ സ്ഥലത്തുനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലം ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലത്തിൻെറ 70 ശതമാനത്തോളം വരും. ഒരു ലക്ഷത്തോളം തൊഴിലാളികളും ഇരുപത്തയ്യായിരത്തോളം ചെറുകിട ഉൽപ്പാദകരും ഏലം കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ഏലം, കൃഷിക്ക് പ്രതിസന്ധികളുണ്ടായപ്പോഴും ഏലത്തിനു വില കുറഞ്ഞപ്പോഴും കയറ്റുമതിരംഗത്ത് പ്രശ്നങ്ങൾ ഉണ്ടായപ്പോഴും ഏലം ബോർഡ് സ്തുത്യർഹമായ സേവനം നടത്തിയിട്ടുണ്ട്. മേലിലും ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ സാമൂഹ്യമായ ഉന്നമനത്തിനും ചെറുകിടക്കാരായ ഉൽപ്പാദകരുടെ സഹായത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഏലം ബോർഡ് നിലനിറുത്തുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പിൻെറ സഹായം ലഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സുഗന്ധദ്രവ്യങ്ങളും സംഭരിക്കുന്നതിനുവേണ്ടി സുഗന്ധദ്രവ്യ സംഭരണ ബോർഡ് രൂപീകരിക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ആ ബോർഡിൻെറ രൂപീകരണത്തോടുകൂടി കാർഡമം ബോർഡുകൂടി ലയിപ്പിച്ച് എല്ലാംകൂടി ചേർത്ത് ഒരു ബോർഡ് ആയി രൂപീകരിക്കുവാനുള്ള തീരുമാനം ഇൻഡ്യാ ഗവൺമെൻറ് എടുത്തിരിക്കുകയാണ്. അതിനെ തുടർന്ന് കാർഡമം ബോർഡിൽ ഇതിനെക്കുറിച്ച് ചർച്ച ഉണ്ടായി. ചർച്ചയുടെ തീരുമാനങ്ങളും കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. അവിടെ നിന്നും കിട്ടിയ വിവരമനുസരിച്ച് റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly